പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3802

20.10.2016-ൽ മറുപടിക്ക്

## ഇരിയണ്ണി ദശലക്ഷം കോളനി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ മുളിയാർ പഞ്ചായത്തിലെ ഇരിയണ്ണി ദശലക്ഷം കോളനിയിൽ എത്ര കുടുംബങ്ങളാണ് താമസിക്കുന്നത്; | (എ) കാസർഗോഡ് ജില്ലയിൽ മുളിയാർ പഞ്ചായത്തിലെ ഇരിയണ്ണി എന്ന സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി പ്രകാരമുള്ള ഹൗസിംഗ് കോംപ്ലക്സിൽ 37 വീടുകൾ നിർമ്മിക്കുകയും അവയിൽ 35 വീടുകൾ അലോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. 35 വീടുകളിലും ആളുകൾ താമസിക്കുകയാണ്. ബാക്കിയുള്ള 2 വീടുകളിൽ അനധികൃതമായി ആളുകൾ താമസിച്ചുവരുന്നു. |
| (ബി) ഇവിടുത്തെ വീടുകൾ എന്നാണ് പണിത് നൽകിയത്; ആയതിന് പിന്നീട് റിപ്പയർ ചെയ്യുന്നതിനോ പുനരുദ്ധാരണത്തിനോ തുക നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) ഈ വീടുകളുടെ നിർമ്മാണം 11.07.94- ൽ ആരംഭിച്ച് 31.05.96-ൽ പൂർത്തിയായി. ഇതിന്റെ അറ്റകുറ്റ പണികൾക്കോ പുനർ നിർമ്മാണത്തിനോ തുക നൽകിയിട്ടില്ല. |
| (സി) പ്രസ്തുത വീടുകൾ ഏറെ ശോചനീയാവസ്ഥയിലാണുള്ളതെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) വീടൊന്നിന് 24630 രൂപ ചെലവിൽ നിർമ്മിച്ച ഈ വീടുകൾക്ക് കുറഞ്ഞ സൗകര്യങ്ങൾ മാത്രമേയുള്ളു. 5x2.40 മീറ്റർ വലിപ്പത്തിലുള്ള ഒരു ഹാളും, 1.70x1.50 മീറ്റർ വലിപ്പത്തിലുള്ള ഒരു അടുക്കളയും പുറത്തു നിന്ന് പ്രവേശിക്കാൻ കഴിയുന്ന ഒരു ചെറിയ ടോയിലെറ്റും മാത്രമേ ഈ വീടുകൾക്കുള്ളു. വീടുകൾ പ്ലാസ്റ്റർ ചെയ്യാത്തവയും അടച്ചുറപ്പുള്ള ജനലുകൾ ഇല്ലാത്തവയുമാണ്. വീടൊന്നിന് സ്ഥല വിസ്തൃതി 3 സെന്റിൽ താഴെയാണ്. |

| | |
|---|---|
| (ഡി) എങ്കിൽ വീടുകൾ പുതുക്കി പണിയുന്നതിനും നിലവിലുള്ള ശോചനീയാവസ്ഥ പരിഹിരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ